# KNMGUPS PUTHUPPALLY

# 2025-2026

# ACADEMIC MASTER PLAN

സ്കൂളിന്റെ പേര് : ഗവ. എൻ. എം. ഗവ. യു. പി. എസ് പുതുപ്പള്ളി

സബ്ജില്ല : കായംകുളം

വിദ്യാഭ്യാസ ജില്ല : മാവേലിക്കര

പഞ്ചായത്ത് : ദേവികുളങ്ങര

വില്ലേജ് : പുതുപ്പള്ളി

വർഷം : 2024 - 2025

രജിസ്ട്രേഷൻ? : 

പ്രിൻസിപ്പൽ?

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | Page 1 |
| സ്കൂൾ ചരിത്രം ഒരു കാഴ്ചപ്പാട് | Page 2 - Page 8 |
| പ്രവർത്തന വിശദീകരണം | Page 24 Page 26 |
| പ്രവർത്തനങ്ങൾ up up | Page 9 Page 23 |
| പദ്ധതിരൂപീകരണപ്രക്രിയ | Page 27 |
| ഉപസംഹാരം | Page 27. |

# ആമുഖം

സ്കൂൾ മികവുറ്റതാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും

നിശ്ചിത പ്രായക്കാരായ മറ്റു കുട്ടികൾ നേടുന്ന അറിവുകൾ ആധുനിക - സാങ്കേതിക വിദ്യയുടെ സഹായത്തോടെ നമ്മുടെ കുട്ടികൾക്കും ലഭ്യമാക്കും

സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിലൂന്നിയുള്ള ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നത് ഈ വർഷത്തെ പ്രധാനലക്ഷ്യമാണ്. വിദ്യാഭ്യാസവകുപ്പ് മുന്നോട്ട് വെക്കുന്ന പ്രധാന ആശയം അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചിത സമയം ഉറപ്പുവരുത്തുക. സ്കൂൾ SRG കൾ വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തന പ്ലാൻ ചെയ്യുക. ഓരോ ക്ലാസ്സിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. കുട്ടികൾക്ക് വേണ്ട പഠനപിന്തുണാപരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി കുട്ടികൾ, SC-ST മേഖലകൾ പ്രത്യേകമായ പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ, കൂടുതൽ ശ്രദ്ധവേണ്ട വിഷയങ്ങൾക്കുള്ള പഠനപരിപോഷണ പരിപാടികൾ നടപ്പിലാക്കുക. നിരന്തരമൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമാക്കുക, കുട്ടികളുടെ സമഗ്ര പഠനപുരോഗതി രേഖ വികസിപ്പിക്കുക. പൊതുപ്രവർത്തകരുടെ പരിഷ്കരണവും വികേന്ദ്രീകരണവും നടപ്പിലാക്കുക എന്നിവ പദ്ധതിയിലുണ്ട്.

# കെ. എൻ. എം. ഗവ: യു. പി. സ്കൂൾ
## പുതുപ്പള്ളി

പുതുപ്പള്ളി ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ കെ എൻ എം ഗവ യു പി സ്കൂൾ ഈ ഗ്രാമപ്രദേശത്ത് അക്ഷര വെളിച്ചം പകർന്നുനൽകാൻ തുടങ്ങിയിട്ട് ഒരു നൂറ്റാണ്ട് പിന്നിട്ടു.

ഇന്നത്തെ സർക്കാർ സ്കൂളുകളിൽ പലതും തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ചുമതലയിൽ നടന്നുവരുന്ന നാട്ടുപള്ളിക്കൂടങ്ങൾ ആയിരുന്നു. തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ രാമവർമ്മ (1855-1924) ഭരണകാലത്ത് പ്രജകൾക്ക് പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുകയും തൽഫലമായി എല്ലാ ഗ്രാമങ്ങളിലും ഒരു പള്ളിക്കൂടമെങ്കിലും സ്ഥാപിക്കുകയും ജനങ്ങൾക്ക് ആകമാനം വിശിഷ്ടാ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. ഇതാണ് നമ്മുടെ ഗ്രാമത്തിലും ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രകാശമെത്തുവാൻ കാരണമായത്. അന്ന് നമ്മുടെ നാട്ടിലുണ്ടായിരുന്ന നാട്ടുപള്ളിക്കൂടം ഏകദേശം 1900 കാലഘട്ടത്തിൽ "പുതുപ്പള്ളി ലോവർ ഗ്രേഡ് ഇംഗ്ലീഷ് ഗേൾസ് സ്കൂൾ" ആയി പരിണമിക്കുകയും തേർഡ് ഫോറം വരെയുള്ള ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു.

തുടർന്ന് 1917-18 കാലത്ത് നമ്മുടെ സ്കൂൾ VII-ാം ക്ലാസ്സ് വരെയുള്ള വിദ്യാലയമായി ഉയർത്ത-പ്പെട്ടു. 1914-1920 കാലഘട്ടത്തിൽ തിരുവിതാംകൂർ ദിവാനായിരുന്ന മലബാർ സ്വദേശി ദിവാൻബഹദൂർ ശ്രീ മന്നത്ത് കൃഷ്ണൻനായരുടെ പേരിൽ ഈ സ്കൂൾ 'കൃഷ്ണൻനായർ മെമ്മോറിയൽ ഹയർഗ്രേഡ് വെർണാ-ക്കുലർ ബോയ്സ് സ്കൂൾ' എന്ന് നാമകരണം ചെയ്യപ്പെട്ടു. അങ്ങനെ നമ്മുടെ സ്കൂൾ ആരംഭി-ച്ചതിന്റെ നൂറാമത് വർഷവും ആഘോഷിച്ചു.

ഈ അക്ഷരമുത്തശ്ശി അനേകായിരം കുട്ടികൾക്ക് അറിവ് പകർന്നു നൽകിയിരുന്നു. കാലക്രമേണ കുട്ടികളുടെ എണ്ണം കുറഞ്ഞുവന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അങ്ങനെയല്ല. ഒന്നു-മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലായി നൂറ്റി-അറുപത്തിരണ്ട് കുട്ടികൾ പഠിക്കുന്നു. പ്രീപ്രൈമറി-യിൽ മുപ്പത്തിരണ്ട് കുട്ടികൾ പഠിക്കുന്നു. ഈ-സ്കൂളിൽ ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിലായി ഒൻപത് അധ്യാപകരും ഒരു ഒ.എ.യും ഒരു-പി.ടി.സി.എം.-ഉം ജോലിചെയ്യുന്നു. പ്രീപ്രൈമറി-യിൽ ഒരു അധ്യാപികയും ഒരു ആയയും ജോലി-ചെയ്യുന്നു. എല്ലാകുട്ടികളും നല്ല വിജയം കരസ്ഥ-മാക്കുന്നു. കുട്ടികളുടെ പഠനമികവിനും കായിക മികവിനും കൈത്താങ്ങായി പല പ്രവർ-ത്തനങ്ങളും ചെയ്തുവരുന്നു. LSS പരീക്ഷയിൽ വിനായക് ഒ, നിവേദ്യ , മഹേശ്വർ എന്നിവരും USS പരീക്ഷയിൽ ഫലേന അരുൺ, ഹിബ ഫാദില എന്നീ-കുട്ടികളും വിജയം കൈവരിച്ചു.

2024-25 കലാകായികോത്സവത്തിലും ശാസ്ത്രോ-
ത്സവങ്ങളിലും മികച്ച പ്രകടനമാണ് ഞങ്ങളുടെ കു-
ട്ടികൾ കാഴ്ചവെച്ചത്. സോഷ്യൽ സയൻസ്
ക്വിസ് LP തലത്തിൽ വിനായക് ഒ (IV) 1st നേടി.
ശാസ്ത്രമേളയിൽ സ്റ്റിൽ മോഡൽ LP ഹാദ്വിക്-
മുഹമ്മദ് (IV) IIIrd A ഗ്രേഡ് നേടി. എൽ.പി. തല-
ചനിൽ മത്സരത്തിൽ ഭാവയാമി (III) IIIrd A ഗ്രേഡ്-
നേടി. എൽ.പി. തല നമ്പർ ചാർട്ട് ദേവനന്ദ-
(IV) IIIrd A ഗ്രേഡ് നേടി. ഗണിതമേളയിൽ Geome-
trical chart ൽ വിനായക് . V (III) A ഗ്രേഡ് നേടി.
യു.പി. തല നമ്പർ ചാർട്ടിൽ അക്ഷിത N (V)
A ഗ്രേഡ് നേടി. UP Geometrical chart - ൽ
ശ്രീനന്ദിത് A ഗ്രേഡ് നേടി. UP വിഭാഗത്തിൽ
അക്ഷര സജു A ഗ്രേഡ് നേടി. യു.പി. സ്റ്റിൽ മോഡ-
ലിൽ നിവേദ്. സി. വിനു (V) A ഗ്രേഡ് നേടി.
നെറ്റ് മേക്കിങ് എൽ.പി. തലം അഭിജിത്ത് (IV)
A ഗ്രേഡ് നേടി. അർജുൻ (III) ബീഡ്സ് വർക്ക്
ൽ A ഗ്രേഡ് നേടി. ധ്യാൻ അജിത് (IV) Metal Engraving
ൽ ഗ്രേഡ് നേടി. ചാർവ്വതി (IV) LP വെജിറ്റബിൾ
IInd A ഗ്രേഡ് നേടി. ഋതിക (V) UP നെറ്റ്-
മേക്കിങ് B ഗ്രേഡ് നേടി. നാജിയ (V) കുടനിർമ്മാണ
മേക്കിങ് B ഗ്രേഡ് നേടി. ഫിദ ഫാത്തിമ (VII)
ഒരേകാന്റ് A ഗ്രേഡ് നേടി.
യു.പി. Metal Engraving - B ഗ്രേഡ് കരസ്ഥമാക്കി.
അഭിനവ് R VI - വെജിറ്റബിൾ പ്രിന്റിംഗ് UP -
B ഗ്രേഡ് കരസ്ഥമാക്കി. ഭാവയാമി III മലയാളം
പ്രസംഗം A ഗ്രേഡ്, വിനായക് ഒ (IV) പദ്യം ചൊല്ലൽ
മലയാളം A ഗ്രേഡ് പദ്യം ചൊല്ലൽ ഇംഗ്ലീഷ്,
A ഗ്രേഡ് മുഹമ്മദ് ചിത്രരചന. നിദ നിസാർ (IV)
A ഗ്രേഡ്

ജലച്ചായം പദ്യംചൊല്ലൽ അറബിക്, ഷംസിൻ
നഫീസ(III) ലത്തീഫാണ് B ഗ്രേഡ് മാപ്പിളപ്പാട്ട് A ഗ്രേഡ്
നന്ദന കൃഷ്ണ(I) കഥാകഥനം B ഗ്രേഡ്, അലംകൃത(I)
ആക്ഷൻ സോങ്ങ് B ഗ്രേഡ് നിവിൻ ശ്രീകുമാർ(II)
ആക്ഷൻ സോങ്ങ് English - B ഗ്രേഡ്, ആദിലക്ഷ്മി
ശരത് (IV) കടങ്കഥ, മുഹമ്മദ് യാസിൻ (VII) പ്രസംഗം
മലയാളം A ഗ്രേഡ് കവിതാരചന മലയാളം
B ഗ്രേഡ്, ആമിന സജ്ന(VII) പദ്യം ചൊല്ലൽ മലയാളം
B ഗ്രേഡ് ഭരതനാട്യം A ഗ്രേഡ്, ഹിബ ഫാരിഷ(II)
പദ്യം ചൊല്ലൽ അറബിക് B ഗ്രേഡ് പദ്യം ചൊല്ലൽ
ഉറുദു, സംഘനൃത്തം; നന്ദകിഷോർ(V) മോണോ-
ആക്ട്, അൽത്താഫ്(V) കഥാരചന മലയാളം
A ഗ്രേഡ്, നസ്രിൻ ഫാത്തിമ സംഘനൃത്തം B ഗ്രേഡ്
ഷലേന അരുൺ സംഘനൃത്തം B ഗ്രേഡ് മഹാലക്ഷ്മി
സംഘനൃത്തം B ഗ്രേഡ് അഭിനന്ദ സംഘനൃത്തം B-
ഗ്രേഡ് ദേവപ്രിയ സംഘനൃത്തം B ഗ്രേഡ് ഹാഷിർ-
മുഹമ്മദ്. H (IV) കയ്യെഴുത്ത് അറബിക് B ഗ്രേഡ്
മുഹമ്മദ് റസ്സാൻ M ഖുർആൻ പാരായണം
അറബിഗാനം. ഇനി കുട്ടികൾ കലോത്സവത്തിൽ
പങ്കെടുക്കുകയും മികച്ചപ്രകടനം കാഴ്ചവെക്കുകയും
ചെയ്തു. ഫൈതൻ ക്വിസിൽ വിഷ്ണു(IV) അനാമിക
(IV) ജനിവർ C ഗ്രേഡ് കരസ്ഥമാക്കി. ഷംസിൻ (III) ഋതുവർ-
ണ(III) സയൻസ് ചാർട്ട് A ഗ്രേഡ് നേടി. വിനായക് ഒ
(IV) ആദർശ്(IV) സിമ്പിൾ എക്സ്പിരിമെന്റ് B ഗ്രേഡ് നേടി.
ദേവനാഗ് വേദേശ്വർ improvised experiment - A Grade
നേടി മുഹമ്മദ് ഷാമിൽ(III) അൽ അമീൻ(V) സ്റ്റിൽ മോഡൽ
A ഗ്രേഡ് നേടി. തീർത്ഥ(VII) ഫലോന(VII) സ്റ്റിൽ മോഡൽ സോഷ്യൽ
A ഗ്രേഡ് കരസ്ഥമാക്കി.

കുട്ടികൾക്ക് ഗുണകരമാകുന്നതായി നിരവധി പ്രവർത്ത-
നങ്ങൾ സ്കൂളിൽ നടത്തിവരുന്നു. "എന്റെ -
പച്ചക്കറിത്തോട്ടം" എന്ന പ്രവർത്തനത്തിലൂടെ
സ്കൂളിലെ എല്ലാകുട്ടികൾക്കും ദിവസവും
പച്ചക്കറിയുറപ്പാക്കാൻ ലഭ്യമാക്കിയിരിക്കുന്നു "ഞങ്ങളുടെ
അസംബ്ലി" എന്ന പ്രവർത്തനത്തിലൂടെ സ്കൂളിലെ
എല്ലാകുട്ടികളും ഗ്രൂപ്പുകളായി അസംബ്ലി അവ-
തരിപ്പിക്കുന്നു. എല്ലാദിവസത്തെയും പ്രത്യേക-
തകൾ അനുസരിച്ച് അസംബ്ലി നടത്തിവരുന്നു.
"ജന്മദിനത്തിൽ ഒരു പുസ്തകം/ചെടി" എന്ന -
പ്രവർത്തനത്തിലൂടെ കുട്ടികൾ പുസ്തകം, ചെടി
എന്നിവ നൽകിവരുന്നു. വിനോദപഠനയാത്രകളി-
ലൂടെ കുട്ടികളുടെ മാനസിക ഉല്ലാസം, അറിവ്
എന്നിവ വളർത്തുന്നു. സ്കൂൾ റേഡിയോ വഴി-
കുട്ടികളുടെ കഴിവുകൾ പ്രകടമാക്കാനുള്ള അവസരം
നൽകുന്നു. വാർത്തകളും നിർദ്ദേശങ്ങളും
പങ്കുവയ്ക്കാനുള്ള അവസരവും ഇതിലൂടെ ലഭ്യ-
മാകുന്നു. വായന ക്ലബ്ബിന്റെ നേതൃത്വത്തിൽ
ലൈബ്രറിയുടെ ഉപയോഗം മെച്ചപ്പെടുത്തുവാൻ
സാധിച്ചിട്ടുണ്ട്. "എന്റെ വായന" "എന്റെ വര"
എന്നീ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ
എഴുത്ത് ആസ്വാദനം ചിത്രരചനയിലുള്ള -
കഴിവ് എന്നിവമെച്ചപ്പെടുത്താൻ സാധിച്ചു.
ഭക്ഷ്യമേളകളും പാനീയമേളകളും നടത്തി-
കുട്ടികളിൽ നാടൻഭക്ഷണരീതിയും അതിലൂടെ
ശാരീരിക മാനസിക ആരോഗ്യത്തെ വളർത്തുന്നതി-
നുള്ള ബോധവൽക്കരണവും നൽകിവരുന്നു.

എല്ലാ ആഴ്ചയിലും ഏറ്റവും നല്ല അസംബ്ലി നടത്തിയ ഗ്രൂപ്പുകൾക്ക് സമ്മാനം നൽകിവരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം വിവിധകേന്ദ്രങ്ങളിൽ കുട്ടികൾ ഫ്ലാഷ്മോബുകൾ നടത്തി. ദിവസങ്ങളുടെ പ്രാധാന്യങ്ങൾ അനുസരിച്ച് ക്വിസ് മത്സരങ്ങൾ, രചനാമത്സരങ്ങൾ, ചുമർപത്രിക തയ്യാറാക്കൽ തുടങ്ങിയവ നടത്തിവരുന്നു. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ മികവാർന്ന രീതിയിൽ നടത്തിവരുന്നു. യൂണിറ്റ് ടെസ്റ്റുകളും PTA മീറ്റിങ്ങും നടത്തിവരുന്നു. ജനറൽ PTA നടത്തി. വളരെ മികവാർന്നതും എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതുമായ വാർഷികം നടന്നു.

ഒന്നാം സ്റ്റാൻഡേർഡ് മുതൽ ഏഴാം സ്റ്റാൻഡേർഡ് വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടികൾ അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്ന അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി

## കാഴ്ചപ്പാട്

- സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പരിപാടി.
- കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുന്നതോടൊപ്പം നിരീക്ഷണപാടവമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ സാധിക്കുന്നു.

- സ്കൂൾ ലൈബ്രറി ലബോറട്ടറി എന്നിവ ആധുനിക വൽക്കരിക്കുന്നം
- സ്കൂൾ പാർലമെന്റ് രൂപീകരിക്കും.
- വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കും
- കൗൺസിലിംഗ് സൗകര്യം ലഭ്യമാകും.
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം ഉറപ്പാക്കും.
- സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
- ലഹരിവിരുദ്ധ മനോഭാവം വളർത്തും.
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി-മുക്ത കാമ്പസ് യാഥാർത്ഥ്യമാകും.
- കാർഷിക സംസ്കാരം വളർത്തിയെടുക്കും.
- ക്ലാസ്സ് മുറികൾ ഹൈടെക് ആകും.
- സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും
- നിലവാരമുള്ള അധ്യാപക പരിശീലനം
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നൂതനമായ സംവിധാനങ്ങൾ രൂപപ്പെടുത്തും.
- എല്ലാമാസവും അസംബ്ലിയിൽ കുട്ടികൾക്ക് മാതൃകയാകാൻ കഴിയുന്ന ഒരു പൂർവ്വ വിദ്യാർത്ഥിയെ ആദരിക്കും.

## മേഖല: അക്കാദമികം

### UP വിഭാഗം

### ഉപമേഖല: ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • തെറ്റുകൂടാതെ എഴുതാനും വായിക്കാനും പരിശീലിപ്പിക്കൽ | ചിത്രവായന<br>ശ്രാവ്യവായന<br>കവിതാലാപനം<br>കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ<br>പ്രതിദിനം | Classteacher<br>HM, PTA | |
| • വായന സാമഗ്രികളുടെ ശേഖരണം . | സന്ദർഭാനുസരണം വായിക്കൽ<br>ചോദ്യനിർമ്മാണം<br>വ്യവഹാരരൂപം മാറ്റി-എഴുതൽ | നവംബർ-മാർച്ച് | Class teacher | |

### ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പലവട്ട-മായി എഴുതാനും വായിക്കാനുമുള്ള പരിശീലനം | പഠനനില കണ്ടെത്തൽ പരിമിതികൾ പരിഹരി-ക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ | ഒക്ടോബർ<br>പ്രതിദിനം | SRG<br>Classteacher | |

## ഉപമേഖല: അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അക്ഷരങ്ങളും വ്യഞ്ജനങ്ങളും മനസ്സിലാക്കി എഴുത്ത് വായനാ ശേഷി വളർത്തൽ | അക്ഷരങ്ങളെ തിരിച്ചറിയൽ (അക്ഷരച്ചാർട്ട്, അക്ഷര ചിത്രങ്ങൾ, അക്ഷരക്കളി) | ജൂൺ ജൂലൈ | Arabic Teacher | |
| | ചിഹ്നങ്ങളെ തിരിച്ചറിയൽ (അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് പദ നിർമ്മാണം) | ജൂലൈ ആഗസ്റ്റ് | Arabic Teacher | |
| • വായന പരിപോഷിപ്പിക്കൽ | വായന സാമഗ്രികൾ ശേഖരിക്കൽ വായനക്കാർഡ് സ്വയം പേരുചേർത്തി തിരിച്ച് വായന വളർത്തൽ | ആഗസ്റ്റ് - ഡിസംബർ | Arabic Teacher | |
| • പദസമ്പത്ത് | നിഘണ്ടു പരിചയം നിഘണ്ടു നിർമ്മാണം | ഡിസംബർ - ഫെബ്രുവരി | Arabic Teacher | |

| | | | | |
|---|---|---|---|---|
| • വായിക്കാം എഴുതാം വരക്കാം | വായിച്ച് അവധായവതരണം<br>പദപരിചയം<br>ചിത്രങ്ങൾ നോക്കി - പദങ്ങൾ കണ്ടെത്തുക<br>വായനാകാർഡ് നൽകി - പരിചയ പദങ്ങൾ - കണ്ടെത്തുന്നു<br>കുട്ടികൾക്ക് വായനാകാർഡ് നൽകി വായനാശീലമാക്കുന്നു | ഡിസംബർ - മാർച്ച് | Arabic Teacher. | |

## ഉപമേഖല : ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • I - IV ക്ലാസ്സുകളിലെ ഗണിത പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും പഠനനേട്ടമുറപ്പാക്കുന്നതിനും | ചതുഷ്ക്രിയകൾ ഉറപ്പാക്കൽ<br>സംഖ്യാബോധം (പൂർണ്ണസംഖ്യ, ഭിന്നസംഖ്യ)<br>ഗണിത ക്ലബ്ബ്<br>ഗണിത മേള<br>ഗണിത ലാബ്. | ഒക്ടോബർ - മാർച്ച്<br>നവംബർ<br>ഡിസംബർ | Class teacher<br>Maths teacher<br>Class teacher<br>HM<br>SMC<br>SRC | |

## ഉപമേഖല - ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • I - IV ക്ലാസ്സുകളിലെ ശാസ്ത്രപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനുമായി ശാസ്ത്രമേള | മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ (ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ) | ഒക്ടോബർ | Class teacher<br>Science teacher | |
| | സാമഗ്രികൾ വാങ്ങൽ സ്കൂൾ ലാബ് സജ്ജമാക്കൽ | ഡിസംബർ | HM<br>SRG | |
| | ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ കുട്ടികളുടെ നിലവാരത്തിലുള്ളവ വാങ്ങൽ | ഡിസംബർ - ഫെബ്രുവരി | HM<br>SRG<br>Science teacher<br>Class teacher | |

## മേഖല: അക്കാദമികം UP വിഭാഗം
### ഉപമേഖല: ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • മാതൃഭാഷാനിലവാരം ഉയർത്തൽ | മികച്ച രചനകൾ ഒരുക്കൽ, സർഗവേദികൾ, ബാലസഭകൾ ശക്തിപ്പെടുത്തൽ | ഒക്ടോബർ | PTA Teachers | |
| • വായനസാമഗ്രികളുടെ ശേഖരണം. | വായന സാമഗ്രികൾ ഉറപ്പാക്കൽ | പ്രതിദിനം | HM, PTA Teachers | |
| • പ്രാദേശിക വിഭവങ്ങളെ സർഗാത്മകമായ പ്രവർത്തനങ്ങളിൽ ഉപയോഗിക്കൽ | സർഗചുവർ, കഥയരങ്ങ്, കവിയരങ്ങ്, സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ രചനകൾ പ്രസിദ്ധീകരിക്കൽ | നവംബർ - മാർച്ച് | വിദ്യാരംഗം co-ordinator. | |

## ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷയുടെ അടി-സ്ഥാനശേഷി വികസനം<br>ആശയ സംവേദനം നടത്താനും, പദസ-മ്പത്തുവർദ്ധിപ്പിക്കാനും പഠിതാക്കളെ പ്രാപ്തരാക്കുന്നു | - കണ്ടെത്തൽ:-<br>ഭാഷയിൽ പിന്നാക്കം നിൽക്കുന്നതിനുള്ള പ്രവർത്തനം<br>- തരംതിരിക്കൽ:-<br>• അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് എഴുതാൻ കഴിവില്ലാത്ത-വർ<br>• പദങ്ങൾ ചേർത്ത് ശരിയായ വാക്യം നിർ-മ്മിക്കാനാകാത്തവർ<br>• വിവിധ വ്യവഹാര-രൂപങ്ങളെക്കുറിച്ച് വ്യക്തതയില്ലാത്തവർ<br>- പ്രവർത്തനങ്ങൾ:-<br>• അക്ഷരകാർഡുകൾ പ്രവർത്തന പദകാ-ർഡുകൾ എന്നിവ-ഉൾപ്പെടുത്തൽ.<br>• വായന ലേഖനം എന്നിവ ഉൾപ്പെടുത്തൽ | ജൂൺ - സെപ്തംബർ | വിദ്യാരംഗം ക്ലബ്ബ്<br>മലയാളം-ടീച്ചർ | PTA. |

| | | | | |
|---|---|---|---|---|
| - പഠിതാവിൽ താൽപ- ര്യപൂർണ്ണമായ വായന ഉറപ്പാക്കൽ | - ലൈബ്രറി പുസ്തക- ങ്ങളുടെ വായനയിലൂടെയും ലേഖനങ്ങളിലൂടെയും ഭാഷയുടെ വിവിധ വ്യവ- ഹാരങ്ങളെ ഉറപ്പിക്കൽ. <br> - പത്രം, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും ചോദ്യ- ങ്ങൾ ചോദിച്ചു ഉത്തര- ങ്ങളും ഉത്തരങ്ങളായി വാർത്തകളും ചെയ്യുന്നു. <br> - വാർത്താവായന. അസംബ്ലിയിൽ വാർത്താവായന <br> - ലൈബ്രറിപുസ്തക- ങ്ങളുമായിബന്ധപ്പെട്ട് ക്വിസ്സ് നടത്തുന്നു. | സാമൂഹിക- വർദ്ധനം | വിദ്യാർത്ഥികൾ Teachers | |
| - പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | - സാഹിത്യോത്സവം. പഠനപാഠങ്ങളിലെ കഥകൾ, കവിതകൾ, നാടൻ- പാട്ടുകൾ, വിവരണങ്ങൾ, നാടകങ്ങൾ തുടങ്ങിയവ അസംബ്ലിയിൽ അവതരണം | ″ | | |

## ഉപവിഭാഗം : സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ സഹായിക്കുന്നു. | ശാരീരിക വെല്ലുവിളികൾ നേരിടുന്ന സഹപാഠികളോടൊപ്പം ഒരു ദിനം. | ജൂലൈ | Social, Science teacher's | PTA |
| • വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും കോവിഡ് പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്ന | ബോധവത്കരണ ക്ലാസ്സ് (കുട്ടികൾ, രക്ഷിതാക്കൾ) | സെപ്റ്റംബർ | " | Social Science club. |
| • പ്രകൃതിയെ അടുത്തറിയുക | കാവ് സന്ദർശനം<br>തീരപ്രദേശത്ത് മനുഷ്യന്റെ കൈയേറ്റ ഫലമായി അന്യംനിന്നുകൊണ്ടിരിക്കുന്ന കണ്ടൽവനത്തിലേക്കു ഒരു യാത്ര. | നവംബർ | | PTA |

| | | | | |
|---|---|---|---|---|
| • സന്ദർശനം നേരനുഭവം ലഭിക്കുന്നതിനായി | ആകാശവിസ്മയങ്ങൾ:- പഠനയാത്രയുമായി ബന്ധപ്പെട്ട് പ്ലാനറ്റോറിയം, റോക്കറ്റ് വിക്ഷേപണ-കേന്ദ്രം, വലിയമല മാട്ടാരം, മ്യൂസിയം എന്നിവ സന്ദർശിക്കൽ | ജനുവരി | Teacher SMC | PTA |
| • സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ-നിലവാരത്തിലേക്ക് ഉയർത്തുന്നു. | പുതുചക്രവാളത്തിലേക്ക്:- സിവിൽ സർവ്വീസ് പരീക്ഷകളെടുക്കാൻ പ്രാപ്തിനേടുംവിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | | Social Science Teacher | PTA |

## ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| • ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | പഠനനിലവാരത്തിൽ പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ | ഡിസംബർ | English Teacher SRC | |
| | ഇംഗ്ലീഷ് അസംബ്ലി ഡയറിക്കുറിപ്പ് ഒരു ദിവസം ഒരു ഭാഷ പതിപ്പുകൾ [illegible] | [illegible] ഒന്ന് പ്രതിദിനം | English Teacher Class Teacher HM | |
| | രചനാമത്സരങ്ങൾ രചനാ ശില്പശാല | നവംബർ - മാർച്ച് | English Techer. | |
| | പദനിർമ്മാണം നിഘണ്ടുനിർമ്മാണം വാചകനിർമ്മാണം | " | English Teacher | |

## ഉപമേഖല: ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| • UP തലത്തിലെ എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരങ്ങളും, വാക്കുകളും ആശയങ്ങ-ളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്<br>അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>അക്ഷരമാല ഉപയോഗിച്ച്-വാക്കുകൾ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം. | ജൂൺ - ഓഗസ്റ്റ് | Hindi Teacher | |
| • വീടൊരു വിദ്യാലയം | ഗൃഹോപകരണങ്ങൾ ഉൾപ്പെടെ-യുള്ള വസ്തുക്കൾ പരിചയപ്പെടു-ത്തൽ | September October | Hindi Teacher | |
| • (സുരീലി ഹിന്ദി) ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാ-ത്മക രചനകൾ വികസി-പ്പിക്കാനുമുള്ള അവസരം | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ<br>ക്ലാസ് ലൈബ്രറി<br>അധിക വായന സാമഗ്രികൾ<br>ഹിന്ദി ക്ലബ്ബ്<br>കഥ വായന<br>എഴുത്ത് | November - February | Hindi Teacher | |

## ഉപമേഖല :- സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ജീവിത സാഹചര്യങ്ങളിൽ നിന്നും പുസ്തകങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | - ജൈവവൈവിധ്യ പാർക്ക് - വൃത്തിയാക്കൽ - സ്കൂളിലെ ശലഭോദ്യാനം, കുളം എന്നിവ വൃത്തിയാക്കി പുതിയ ചെടികൾ നട്ടുപിടിപ്പിക്കുക | അക്കാദമിക വർഷം | സയൻസ്, സാമൂഹിക, ആരോഗ്യ ക്ലബ്ബുകൾ | science Teacher |
| | - കണ്ടറിയാനൊരു യാത്ര - വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽകാട് നിരീക്ഷണ യാത്രകൾ | ജൂൺ - ഡിസംബർ | സയൻസ്, സാമൂഹിക ക്ലബ്ബ് | PTA |
| | - പരീക്ഷണകുതുകി - നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ നടത്തുന്ന പരീക്ഷണക്കിറ്റ് നിർമ്മാണം പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | PTA |

| | | | | |
|---|---|---|---|---|
| • സൗരയൂഥം നേരനുഭവം ലഭിക്കുന്നതിനുവേണ്ടി | ബഹിരാകാശ നേരനുഭവം:- പഠനയാത്രയുമായി ബന്ധം-പ്പെട്ട് പ്ലാനിറ്റോറിയം, മ്യൂസിയം എന്നിവ സന്ദർശിക്കൽ | ജനുവരി | Science Teacher PTA | PTA |
| • ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര:- ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര-സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗങ്ങളു-മായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ആഗസ്റ്റ്-ഫെബ്രുവരി | Science-club Teachers | School IT-Lab |
| • ശാസ്ത്രബോധം വളർത്തുന്നതിന് ക്ലാസ്സുകളിൽ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിന്. | പരീക്ഷണത്തിന് വേണ്ടിയുള്ള സാമഗ്രികൾ വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ-സൂക്ഷിക്കേണ്ടത്. | December March | Science-Teacher Class-Teacher HM. | |

അക്കാദമികം

## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല:- കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. | ജൂൺ | Maths - Teacher | |
| • നൂതനമായ ഗണിത പഠനവും ഗവേഷണ ശേഷിയുടെ വികാസവും | ഒറിഗാമി ശില്പശാല:- ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. | വർഷത്തിൽ ഒരുപ്രാവശ്യം | Maths - Teacher | |
| • ഗണിത പഠനോപകരണങ്ങൾ സജ്ജമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | അദ്ധ്യയനവർഷം | Maths - Teacher<br>Maths - club | Maths club. |
| • ഗണിതം മധുരമാക്കൽ | ഗണിതപാർക്ക് :- ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | | Maths - club | Maths club PTA |

| | | | | |
|---|---|---|---|---|
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | IT സാധ്യതകൾ:- ജ്യാമിതീയ രൂപങ്ങൾ ചതുർകേളികൾ പോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ ആകർഷകരൂപത്തിൽ കഴിയുന്നു. | മാസത്തിൽ 1 | ഗണിത അധ്യാപകർ. | |
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്:- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന അധ്യാപകരും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ മൂന്ന് പീരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| • വിവിധ ശേഷികളുടെ വികാസം | ദിനാചരണം:- ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. | ആവശ്യാനുസരണം | SRG. | |
| • ഗണിതകേളികൾ പ്രചാരത്തിൽ വരുത്തുന്നതിന് | സംഖ്യാബോധം ഉറപ്പാക്കൽ<br>ചതുർകേളികൾ<br>ഗണിത മേള. | October-March | Class-Teacher<br>HM.<br>Maths-Teacher | |

# പ്രവർത്തന വിശദീകരണം

## അക്കാദമികം

2026 ആകുമ്പോഴേക്കും എല്ലാ കുട്ടികളെയും മലയാളവും ഇംഗ്ലീഷും തെറ്റില്ലാതെ എഴുതാനും വായിക്കാനും പര്യാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ പ്രഥമലക്ഷ്യം. അടുത്ത ഒരു വർഷം കൊണ്ട് സ്കൂൾ ലൈബ്രറിയുടെ വിപുലീകരണം നമ്മൾ ലക്ഷ്യമിടുന്നു. 'ജന്മദിനത്തിൽ ഒരു പുസ്തകം' എന്ന പ്രവർത്തനം അതിനായി മുൻനിരയിൽ സഹായമായിമാറിയിരിക്കുന്നു. സ്പോൺസർമാരെ കണ്ടെത്തി എല്ലാ ക്ലാസ്സുകളിലുമായി ആധുനിക സൗകര്യമുള്ള ലൈബ്രറിയും ഉദ്ദേശം വയ്ക്കുന്നു.

നിരീക്ഷണത്തിലൂടെ പഠനം എന്ന നിലയിലേക്ക് കുട്ടികളെ ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയും വിശേഷ വേളകൾ പഠനത്തിലൂടെയാക്കാനും ഒരു നല്ല വനവിജ്ഞാപാർക്ക് സ്കൂളിൽ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ആധുനിക സംവിധാനമുള്ള ഡിജിറ്റലൈസ്ഡ് ക്ലാസ്സ്റൂം യാഥാർത്ഥ്യമാക്കുന്നതിലൂടെ നമ്മുടെ കുട്ടികൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയരുമെന്ന് ഉറപ്പാണ്. കുട്ടികളിൽ ജനാധിപത്യത്തോടുള്ള അവബോധം, നേതൃത്വശേഷി ഇവയുടെ വികാസത്തിന് സ്കൂൾ പാർലമെന്റിന്റെ രൂപീകരണം സാഹിത്യപോഷിണപരിപാടികൾ, ആഘോഷങ്ങൾ, സ്കൂൾ ഉച്ചഭക്ഷണത്തിൽ വിഷരഹിത വിഭവങ്ങൾ ഉൾപ്പെടുത്തൽ

സ്കൂൾ പച്ചക്കറിത്തോട്ടം, പ്രവൃത്തി പരിചയ പഠനം, ഗണിത ശേഷി വികസനം, ലബോറട്ടറി ആധുനിക വത്കരണം, ഇംഗ്ലീഷ് പഠന പരിപോഷണം എന്നീ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ക്ലാസ്സ് ടെസ്റ്റിനു ശേഷം പിന്നോക്ക ആവശ്യമായ കുട്ടികളെ കണ്ടെത്തി അവർക്ക് പിന്തുണ നൽകുന്നു.

## ഭൗതികം

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകുകയുള്ളൂ. ആരോഗ്യമുള്ള ശരീരത്തിന് കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം കൂടിയേ തീരൂ. അതിനായി വൃത്തിയുള്ള അടുക്കളയും സ്റ്റോർ റൂമും ആവശ്യമാണ് എന്നതുകൊണ്ട് തന്നെ വളരെ ശുചിയായി അടുക്കളയും സ്റ്റോർ റൂമും പരിപാലിച്ചു പോകുന്നു.

സ്കൂൾ കായിക മത്സരങ്ങൾക്ക് ഈ സ്കൂളിലെ കുട്ടികളെ അവരുടെ കായിക കഴിവുകൾ ഉയർത്തി മുന്നോട്ടുകൊണ്ടുവരാൻ അവർക്ക് പരിശീലനം നൽകേണ്ടത് അനിവാര്യമാണ് അതിനുവേണ്ട കളിസ്ഥലം സ്കൂളിലില്ല. സ്കൂളിന് സമീപം കളിസ്ഥലത്തിന് ആവശ്യമായ ഭൂമിയുണ്ട് പൊതുജനങ്ങളും അധ്യാപകരും രക്ഷകർത്താക്കളും SMC യും ചേർന്ന് ഈ സ്ഥലം സ്കൂളിനുവേണ്ടി വാങ്ങണമെന്ന് ലക്ഷ്യമിട്ടിരിക്കുന്നു.

വിനോദത്തിലൂടെ വിജ്ഞാനം എന്ന ലക്ഷ്യത്തോടെ കുട്ടികൾക്ക് കളി ഉപകരണങ്ങൾ നൽകി പ്രീപ്രൈമറിതലത്തിലെ കുട്ടികളെ ശാരീരിക-

മാനസിക രീതിയിൽ വിജ്ഞാനത്തിലേയ്ക്ക് ഉയർത്തണമെന്ന് പ്രതീക്ഷിക്കുന്നു.

കുട്ടികളിൽ ശുചിത്വശീലം വളർത്തുക- എന്നത് അനിവാര്യമാണ്. സ്വയം ശുചിത്വത്തോ- ടൊപ്പം പരിസരശുചിത്വവും ആവശ്യമാണ് അതിനായി ജൈവ അജൈവ മാലിന്യ സംസ്കരണ- പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നു.

ഡൈനിംഗ് ഹാൾ, അസംബ്ലി ഹാൾ തുടങ്ങി ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്ന കാര്യങ്ങൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ക്ലാസ്റൂം കെട്ടിടങ്ങളുടെ മേൽക്കൂര തടിമാറ്റി കമ്പികൾ മേയാൻ ഉദ്ദേശിക്കുന്നു.

## സാമൂഹികം

SMC പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങൾ കൊണ്ട് കുട്ടികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടാക്കാൻ ശ്രമിക്കുന്നു. ക്ലാസ്സ് PTA മാതൃകാപരമാക്കാനും വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടാനും അവർക്ക് പ്രയോജനപ്പെടുത്താനും പരമാവധി പരിശ്രമിക്കു

# പദ്ധതിരൂപീകരണ പ്രക്രിയ

പലഘട്ടങ്ങളായുള്ള ചർച്ചകളിലൂടെയാണ് ഈ മാസ്റ്റർപ്ലാനിന്റെ കരടുരൂപം തയ്യാറാക്കിയിരിക്കുന്നത്. ഈ ചർച്ചകളിലും ഇതിന്റെ കരടുരൂപം തയ്യാറാക്കുന്നതിലും പലരും ഞങ്ങളെ സഹായിച്ചു. സ്കൂളിലെ എല്ലാ അധ്യാപകരും SMC അംഗങ്ങളും ഇതിനായി പൂർണ്ണമായി സഹകരിച്ചു.

# ഉപസംഹാരം

ഈ മാസ്റ്റർപ്ലാനിന്റെ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കി സ്കൂളിന്റെ എല്ലാതരത്തിലുമുള്ള നിലവാരം ഉയർത്താൻ അധ്യാപകരും, SMC യും, പൂർവ്വ വിദ്യാർത്ഥി സംഘടനയും, സ്കൂൾ സംരക്ഷണ സമിതിയും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതാണ്.